"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. നാരായണനെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.2/2024/VIG തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22/09/2022 തീയതിയിലെ ഇ19 (പി.ഇ.14/2021/എസ്.ഐ.യു-1) 28904/2020 നമ്പർ കത്ത്.
2. ശ്രീ.എസ്.നാരായണന് നൽകിയ 09/12/2022 ലെ വിജി-എഫ്1/185/2022/വിജി നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22/09/2023 ലെ LSGD/PD/49882/2023-VIGA5 നമ്പർ കത്ത്.
4. ശ്രീ.എസ്.നാരായണന്റെ 07/12/2023 തീയതിയിലെ പ്രതിവാദപത്രിക.

**ഉത്തരവ്**

ശ്രീ.എസ്.നാരായണൻ 8.3.2019 മുതൽ 30.9.2020 വരെയും 27.10.2020 മുതൽ 31.12.2020 വരെയും നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന കാലയളവിൽ ശ്രീ.അബ്ദുൽ റഷീദിന്റെ ഉടമസ്ഥതയിലുള്ള നെടുമങ്ങാട് നഗരസഭയിലെ NMC 9/1035 മുതൽ 1039 വരെ നമ്പരുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കാതിരിക്കാൻ കൈക്കൂലി ആവശ്യപ്പെട്ടു എന്നുള്ള ശ്രീ.ബിജു രമേശ് എന്നയാളുടെ പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പി.ഇ.14/2021/എസ്.ഐ.യു-1 നമ്പരായി ഒരു അന്വേഷണം നടത്തി താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

2. ശ്രീ.എസ്.നാരായണൻ നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന കാലയളവിൽ, ശ്രീ.അബ്ദുൽ റഷീദിന്റെ ഉടമസ്ഥതയിലുള്ള നെടുമങ്ങാട് നഗരസഭയിലെ NMC 9/1035 മുതൽ 1039 വരെ നമ്പരുള്ള കെട്ടിടം ശ്രീ.ബിജു രമേശ് വാടകയ്ക്കെടുത്ത് ഇന്ദ്രപ്രസ്ഥ എന്നപേരിൽ ഒരു ഫോർ സ്റ്റാർ ഹോട്ടൽ നടത്തിവരുന്നതായും ടി ഹോട്ടലിന് ബാർ ലൈസൻസ് കിട്ടുന്നതിനായി എക്സൈസ് വകുപ്പിൽ അപേക്ഷ നൽകിയിരുന്നതായും, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ശ്രീ.അബ്ദുൽ റഷീദ്

21.8.2020-ൽ നെടുമങ്ങാട് നഗരസഭയിൽ നിന്നും വാങ്ങി നൽകിയെന്നും, ബാർ ലൈസൻസിനുള്ള അപേക്ഷ എക്സൈസ് വകുപ്പിന്റെ പരിഗണനയിലിരിക്കവേ 27.9.2020-ന് നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എസ്.നാരായണൻ, ശ്രീ.ബിജു രമേശിനെ ടെലഫോണിൽ വിളിച്ച് ബാർ ലൈസൻസ് കിട്ടാതിരിക്കാൻ സഹായിച്ചാൽ നെടുമങ്ങാട്ടെ സൂര്യ ഹോട്ടൽ ഉടമയായ ശ്രീ.മോഹൻദാസ് 5 ലക്ഷം രൂപ നൽകാമെന്ന് സമ്മതിച്ചതായും, ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടം വച്ച് ഉടമയായ ശ്രീ.അബ്ദുൽ റഷീദ് ലോൺ എടുത്തിട്ടുണ്ടെന്നും തിരിച്ചടവ് മുടങ്ങിയതിനാൽ ടി കെട്ടിടം ജപ്തി നടപടിയിലാണെന്നും ആയതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കണമെന്നു പറഞ്ഞ് നെടുമങ്ങാട് നഗരസഭയിലെ കൗൺസിലറായ ശ്രീ.കെ.ജെ.ബിനു എന്നയാളിനെക്കൊണ്ട് ശ്രീ.മോഹൻദാസ് ഒരു പരാതി നൽകിയിട്ടുണ്ടെന്നും 5 ലക്ഷം രൂപ നൽകിയാൽ കൗൺസിലർ ശ്രീ.കെ.ജെ.ബിനുവിന്റെ പരാതി തള്ളിക്കളയാമെന്നും അല്ലെങ്കിൽ ഒരു ലീഗൽ ഒപ്പീനിയൻ വാങ്ങി ഫയലിൽ സൂക്ഷിച്ച് ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ക്യാൻസൽ ചെയ്യേണ്ടിവരുമെന്ന് പറഞ്ഞതായും ഒരു രൂപയും കൈക്കൂലിയായി തരില്ല എന്ന് പറഞ്ഞപ്പോൾ ഫോൺ കട്ട് ചെയ്തതായും 29.9.2019-ന് 9946012327 എന്ന വാട്ട്സാപ്പ് നമ്പരിൽ നിന്നും ഒരു ലീഗൽ ഒപ്പീനിയൻ അയച്ചുകൊടുത്തതായും തുടർന്ന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് ഉത്തരവിറക്കിയതായും, ശ്രീ.എസ്.നാരായണൻ കെട്ടിട ഉടമയായ ശ്രീ.അബ്ദുൽ റഷീദിന് നിയമപരമായി നൽകേണ്ട നോട്ടീസ് പോലും നൽകാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് മറികടന്ന് ഉടമസ്ഥാവകാശം റദ്ദാക്കിയത് പരാതിക്കാരനിൽ നിന്ന് കൈക്കൂലി ലഭിക്കാത്തതിലുള്ള വൈരാഗ്യം മൂലമായിരിക്കാം എന്നതിൽ കഴമ്പുള്ളതായും കണ്ടെത്തുകയുണ്ടായി.

(3) മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ.എസ്.നാരായണനെതിരെ ഒരു വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(4) അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.എസ്.നാരായണൻ 21.08.2020 ൽ ശ്രീ. അബ്ദുൽ റഷീദിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിരുന്നു. കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചതിനെതിരെ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷൻ തള്ളിക്കൊണ്ട് ബഹു.ഹൈക്കോടതി 25.09.2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെ തുടർന്ന് ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനും ബഹു.ഹൈക്കോടതി തള്ളിയിരുന്നു. അതൊന്നും പരിശോധിക്കാതെ 30.09.2020-ൽ നെടുമങ്ങാട് നഗരസഭാ സെക്രട്ടറി സ്ഥാനത്ത് നിന്നും വിടുതൽ ചെയ്തതിന്റെ തലേ ദിവസം 29.9.2020 ൽ വളരെ തിടുക്കപ്പെട്ട് കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിയത് കൈക്കൂലി ലഭിയ്ക്കാത്തതുകൊണ്ടായിരിയ്ക്കാം എന്ന് ന്യായമായും സംശയിക്കുന്നതിനു കാരണമായതായി സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച് ടിയാനെതിരെ 1960- ലെ കേരള സിവിൽ സർവീസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിൽ പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു. തുടർന്ന് പ്രതിവാദ പത്രികയിൽ അഭ്യർത്ഥിച്ചത് പ്രകാരം ടിയാനെ 07.12.2023 തീയതിയിൽ

വിജിലൻസ് വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

(5) ശ്രീ.എസ്.നാരായണനെതിരെ നേരിൽ കേട്ട വേളയിലും പ്രതിവാദ പത്രികയിലും കുറ്റാരോപിതൻ താഴെ പറയും പ്രകാരമുള്ള കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

നെടുമങ്ങാട് നഗരസഭ പരിധിയിലുള്ള NMC 9/1035 മുതൽ 1039 വരെയുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി ശ്രീ. അബ്ദുൽ റഷീദ് അപേക്ഷ സമർപ്പിക്കുകയും, വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ 21.8.2020-ൽ ടിയാന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയും ചെയ്തു. തുടർന്ന് നഗരസഭാ കൗൺസിലറും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗവുമായിരുന്ന ശ്രീ.കെ.ജെ. ബിനു ടി വസ്തുവകകൾ ജപ്തി നടപടികളിൽ ഉൾപ്പെട്ടതാണെന്നും അതു സംബന്ധിച്ച് പത്രപരസ്യം ഉണ്ടെന്നും നഗരസഭ നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സത്വരമായി റദ്ദ് ചെയ്യണമെന്ന് കാണിച്ച് 9.9.2020 ൽ തന്റെ ഔദ്യോഗിക ലെറ്റർ ഹെഡ്ഡിൽ ഒരു കത്ത് നൽകി. 23/9/2020 ൽ ശ്രീ.കെ.ജെ. ബിനുവിന് കത്തിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൻ ടിയാൻ പത്രപരസ്യവും ടി വസ്തുക്കൾക്കെതിരെ SARFAESI Act 2002, S.13 (2) പ്രകാരം IFCI Ltd നടപടി സ്വീകരിച്ചതിന്റെ രേഖകളും പകർപ്പും ഹാജരാക്കി. രേഖകൾ പരിശോധിച്ചതിൽ 'the right to redeem the secured asset shall cease on the date of publication of the sale notice' എന്ന് SARFAESI ആക്ടിലെ S.13 (8) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതായി മനസ്സിലായതിനെ തുടർന്ന് നിയമ നടപടികളിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് റദ്ദാക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി നഗരസഭയുടെ ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ. പി രാമകൃഷ്ണനോട് നിയമോപദേശം തേടുകയും 24/9/2020-ൽ ലഭിച്ച നിയമോപദേശത്തിൽ "therefore the certificate of ownership, issued by the secretary on 21/8/2020 in respect of the said property and building is liable to be cancelled" എന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആണ് 21.8.2020-ൽ നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിക്കൊണ്ട് 29.9.2020-ൽ ആർ 1/9172/2020 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പുനഃപരിശോധനാർഹവും കോടതി വ്യവഹാര തീർപ്പുകൾക്ക് വിധേയവുമാണെന്ന് ഉത്തരവിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുള്ളതാണ്. ശ്രീ.കെ.ജെ ബിനു ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അസാധുവാക്കണമെന്ന് കാണിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)19984/2020(S) റിട്ട് ഹർജിയിൽ ഇടക്കാല ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിരുന്നില്ല. തന്മൂലമാണ് 29/9/2020 ലെ സർട്ടിഫിക്കറ്റ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവിൽ അത് പുനഃപരിശോധനയ്ക്കും ബഹു.കോടതി തീർപ്പുകൾക്ക് വിധേയമായിരിക്കും എന്ന് പ്രത്യേകം ചേർത്തിരുന്നത്.

(6) നഗരസഭയിലെ ഒരു കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉപോൽബലകമാക്കേണ്ട രേഖ നഗരസഭ അസ്സസ്സ്മെന്റ് രജിസ്റ്ററിലെ ലഭ്യമായ വിവരങ്ങളാണെന്നും അത് പ്രകാരം ഉടമസ്ഥാവകാശം ശ്രീ.അബ്ദുൽ റഷീദിന്റെ പേരിലാണ് എന്നിരിക്കെ ടി വസ്തുവിനെതിരെ IFCI എന്ന ധനകാര്യ സ്ഥാപനം ജപ്തി നടപടികൾ സ്വീകരിച്ച എന്ന ഒറ്റക്കാരണത്താൽ ഒരു ഹിയറിങ് പോലും നടത്താതെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

റദ്ദാക്കിയ നടപടി നിയമവിരുദ്ധവും, നിലവിലെ മുനിസിപ്പൽ ആക്ടിലെയും ചട്ടങ്ങളിലെയും വകുപ്പുകൾക്ക് വിരുദ്ധവും സാമാന്യനീതിയുടെ ലംഘനവുമാണെന്നും ആയത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയ ശ്രീ. ബിനു എന്നവരുമായി ചേർന്ന് നിക്ഷിപ്ത താല്പര്യ പ്രകാരമുള്ള അഴിമതി പ്രവർത്തിയായി കണക്കാക്കാവുന്നതാണെന്നും ആയതിനാൽ ടിയാനെതിരെ നിയമാനുസൃതമായ ശിക്ഷണ നടപടികൾ തുടരാവുന്നതാണെന്നും പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

(7) വിജിലൻസ് ഡയറക്ടറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ശ്രീ.എസ്.നാരായണൻ സമർപ്പിച്ച പ്രതിവാദ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ടിയാനെ നേരിൽ കേട്ടതിൽ നിന്നും പരാതിക്കാധാരമായ വിഷയത്തിൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പരിശോധിക്കാതെയും കെട്ടിട ഉടമയ്ക്ക് ഹിയറിങ് നൽകാതെയും വളരെ തിടുക്കപ്പെട്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് റദ്ദാക്കിയത് നിക്ഷിപ്ത താല്പര്യത്തിനുവേണ്ടിയാണെന്നു സർക്കാരിന് ബോധ്യപ്പെടുന്നു. മേൽ സാഹചര്യത്തിൽ നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എസ്.നാരായണനെതിരെ 1960- ലെ കേരള സിവിൽ സർവീസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് കൈകൊണ്ട താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(8) സർക്കാരിന് വേണ്ടി കേസ് ഫലപ്രദമായി നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടറെ ചുമതലപ്പെടുത്തുന്നു. ഇതിനാവശ്യമായ നടപടികൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

<u>സാക്ഷിപ്പട്ടിക</u>

1) ശ്രീമതി.ശാരിക, W/o ജോഷി, ഇടപ്പനവേലിൽ വീട്, മണ്ണൂർഭാഗം, കരവാരം, ചിറയിൻകീഴ്, തിരുവനന്തപുരം. (എൽ.ഡി ക്ലാർക്ക്, റവന്യൂ ഡിവിഷൻ, നെടുമങ്ങാട് മുനിസിപ്പാലിറ്റി)

2) ശ്രീ.രാജൻ മൈക്കിൾ, S/o മിഖായേൽ, താന്നിമൂട്ടിൽ വീട്, പാലൈക്കോണം, ആര്യനാട്, നെടുമങ്ങാട്, തിരുവനന്തപുരം. (എൽ.ഡി ക്ലാർക്ക്, ലീഗൽ സെക്ഷൻ, നെടുമങ്ങാട് മുനിസിപ്പാലിറ്റി)

3) ശ്രീ.ബിജു രമേശ്, S/o രമേശൻ, രാജധാനി ബിൽഡിംഗ്, കോട്ടയ്ക്കകം, തിരുവനന്തപുരം. (പരാതിക്കാരൻ)

4) ശ്രീ.കെ.ജെ.ബിനു, S/o കരുണാകരൻ നായർ, ആനാംകോണം, വാളിക്കോട്, നെടുമങ്ങാട്, തിരുവനന്തപുരം (മുൻ കൗൺസിലർ, നെടുമങ്ങാട് മുനിസിപ്പാലിറ്റി)

5) ശ്രീ.അബ്ദുൽ റഷീദ്, S/o അലിയാർ കുഞ്ഞ്, സിറ്റാഡൽ ഹൗസ്, ഗോൾഫ് ലിംഗ്സ്, കവടിയാർ, തിരുവനന്തപുരം (കെട്ടിട ഉടമ)

6) ശ്രീ.അനിൽകുമാർ.എസ്, പോലീസ് ഇൻസ്പെക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷ്യൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, തിരുവനന്തപുരം.

<u>അനുബന്ധരേഖകൾ</u>

1. നഗരസഭയിൽ നിന്നും 21.08.2020 തീയതി നം.ആർ2/8567/2020 പ്രകാരം നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. ബഹു. കേരള ഹൈക്കോടതി മുമ്പാകെ മുൻ കൗൺസിലർ കെ.ജെ.ബിനു 08.09.2020 തീയതി നൽകിയ റിട്ട് പെറ്റീഷന്റെ പകർപ്പ്.
3. നെടുമങ്ങാട് മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് മുൻ കൗൺസിലർ കെ.ജെ.ബിനു 09.09.2020 തീയതി നൽകിയ പരാതിയുടെ പകർപ്പ്.
4. നഗരസഭ സ്റ്റാൻഡിംഗ് കൗൺസിൽ അംഗമായ അഡ്വ.പി.രാമകൃഷ്ണൻ 24.09.2020 തീയതി നഗരസഭ സെക്രട്ടറിക്ക് നൽകിയ നിയമോപദേശത്തിന്റെ പകർപ്പ്.
5. നഗരസഭ സ്റ്റാൻഡിംഗ് കൗൺസിൽ അംഗമായ അഡ്വ.പി.രാമകൃഷ്ണൻ 28.09.2020 തീയതി കോടതി വിധി സംബന്ധിച്ച് സെക്രട്ടറിക്ക് രേഖാമൂലം വിവരം നൽകിയ കത്തിന്റെ പകർപ്പ്.
6. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയത് റദ്ദ് ചെയ്ത് 29.09.2020 തീയതി നം.ആർ1/9172/2020 പ്രകാരം സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ച പകർപ്പ്.
7. Debts Recovery Tribunal ന്റെ SA-174/2020 ഉത്തരവ് പ്രകാരം ശ്രീ.ബിജു രമേശ് സെക്രട്ടറിക്ക് നൽകിയ കത്ത് (പകർപ്പ്).
8. ലോക്കൽ സെൽഫ് ഗവൺമെന്റ് സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ 12.10.2020 ന് ശ്രീ.അബ്ദുൽ റഷീദ് സമർപ്പിച്ച അപ്പീൽ പകർപ്പ്.
9. ട്രൈബ്യൂണൽ 13.10.2020 തീയതി സ്റ്റേ അനുവദിച്ച ഉത്തരവിന്റെ പകർപ്പ്.
10. ഹോട്ടൽ ഇന്ദ്രപ്രസ്ഥ എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അറിയിക്കുന്നതിന് നെടുമങ്ങാട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ നഗരസഭ സെക്രട്ടറിക്ക് നൽകിയ എൻ.സി. നമ്പർ 35/2020, തീയതി 13.10.2020 കത്ത് (പകർപ്പ്).
11. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അബ്ദുൽ റഷീദിനാണെന്ന നഗരസഭയുടെ മറുപടി കത്ത് (പകർപ്പ്).
12. ബഹു. കേരള ഹൈക്കോടതി മുമ്പാകെ മുൻ കൗൺസിലർ കെ.ജെ.ബിനു നൽകിയ റിട്ട് പെറ്റീഷന്റെ വിധി പകർപ്പ് (WP(C) No.19984 of 2020(S) Dtd. 25.09.2020).
13. ബഹു. കേരള ഹൈക്കോടതി മുമ്പാകെ മുൻ കൗൺസിലർ കെ.ജെ.ബിനു നൽകിയ റിവ്യൂ പെറ്റീഷന്റെ പകർപ്പ്.
14. ബഹു. കേരള ഹൈക്കോടതി മുമ്പാകെ മുൻ കൗൺസിലർ കെ.ജെ.ബിനു സമർപ്പിച്ച റിവ്യൂ പെറ്റീഷന്റെ വിധി പകർപ്പ് (RP No.974 of 2020).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ റ്റി
അഡിഷണൽ സെക്രട്ടറി

1) വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ

പറയുന്ന രേഖകൾ സഹിതം. കൈപ്പറ്റ് അറിയിക്കേണ്ടതാണ്)

2) ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

3) ശ്രീ.എസ്.നാരായണൻ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (22/09/2023 ലെ LSGD/PD/49882/2023-VIGA5 നമ്പർ കത്ത് പ്രകാരം)

6) തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ് (04/07/2023 ലെ ഇയു4/180/2023-തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

7) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

8) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

9) വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

10) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jeyas Khan H M
Date: 23-01-2024 17:10:55

സെക്ഷൻ ഓഫീസർ